പത്രക്കുറിപ്പ്
14-3-2018

## നഗരസഭാ പ്രദേശത്തെ അർഹരായ എല്ലാവരിലേക്കും കുടുംബശ്രീ: സ്പർശം-നഗരസഭാതല കാമ്പെയ്ൻ മുന്നേറുന്നു

തിരുവനന്തപുരം; അർഹരായ എല്ലാവരിലേക്കും കുടുംബശ്രീയെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച 'സ്പർശം'-നഗരതല കാമ്പെയ്ൻ വിജയകരമായി മുന്നേറുന്നു. ഫെബ്രുവരി 20ന് ആരംഭിച്ച കാമ്പെയ്ൻ ഇതിനകം പരമാവധി നഗരദരദ്രരിലേക്കെത്തി കഴിഞ്ഞു.

നഗരദാരിദ്ര്യം ഇല്ലാതാക്കുന്നതുമായി ബന്ധപ്പെട്ട് അർഹരായ എല്ലാവർക്കും ഉപജീവനത്തിന് അവസരമൊരുക്കുന്നതിന് നഗരസഭകളും കുടുംബശ്രീയും ഒറ്റക്കെട്ടായി നിന്നു കൊണ്ടാണ് ക്യാമ്പെയ്നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. നഗരപ്രദേശങ്ങളിലെ കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുകയും അതോടൊപ്പം സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവരെ കണ്ടെത്തി സംരംഭം തുടങ്ങാനുള്ള സഹായം ലഭ്യമാക്കുക എന്നതുമാണ് കാമ്പെയ്ന്റെ പ്രധാന ലക്ഷ്യങ്ങൾ. ഇതിനായി തദ്ദേശ സ്ഥാപനങ്ങളുടെ പൂർണ സഹകരണം കുടുബശ്രീ ഉറപ്പുവരുത്തിയിട്ടുണ്ട്.

അയൽക്കൂട്ട ഗ്രേഡിങ്ങ്, ലിങ്കേജ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക, നഗരപ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങളുടെ ലിങ്കേജ് വായ്പാ പ്രവർത്തനങ്ങൾ നൂറു ശതമാനമാക്കുക, കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ഉൾപ്പെടാത്തവരെ ഉൾക്കൊള്ളിച്ച് സാധ്യതയ്ക്കനുസരിച്ച് അയൽക്കൂട്ടങ്ങൾ പുതുതായി രൂപീകരിക്കുക, നഗരപ്രദേശങ്ങളിലെ പ്രവർത്തനരഹിതമായ അയൽക്കൂട്ടങ്ങളെ കണ്ടെത്തി പ്രവർത്തനക്ഷമമാക്കുക, നഗരപ്രദേശങ്ങളിൽ നടപ്പാക്കുന്ന എൻ.യു.എൽ.എം, പി.എം.എ.വൈ പദ്ധതികൾ അയൽക്കൂട്ട ഭാരവാഹികൾക്കു പരിചയപ്പെടുത്തുക, അയൽക്കൂട്ടാംഗങ്ങളെ വികസന പ്രക്രിയയിൽ പങ്കാളികളാക്കുക എന്നിവ ക്യാമ്പെയ്ന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവരെ കണ്ടെത്തി സംരംഭം ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുക, പി.എം.എ.വൈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് എൻ.യു.എൽ.എം പദ്ധതിയുടെ കീഴിലുള്ള സ്വയംതൊഴിൽ, സ്കിൽ പരിശീലനവും തൊഴിലും നൽകുന്ന ഘടകങ്ങൾ എന്നിവ വഴി തൊഴിൽ അവസരം ലഭ്യമാക്കുന്നതിന്റെ സാധ്യത പരിചയപ്പെടുത്തുക, എസ്.ജെ.എസ്.ആർവൈ, എൻ.യു.എൽ.എം ലിങ്കേജ് ലോൺ വഴി നഗരപ്രദേശങ്ങളിൽ സംരംഭം ആരംഭിച്ചിട്ടുള്ള വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങൾക്ക് കുടുംബശ്രീ നൽകുന്ന ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, റിവോൾവിങ്ങ് ഫണ്ട്, സെക്കൻഡ് ഡോസ് അസിസ്റ്റൻസ്, ഇന്നവേഷൻ ഫണ്ട് എന്നിങ്ങനെയുള്ള അധിക ധനസഹായ പദ്ധതികളുടെ പ്രയോജനം പരിചയപ്പെടുത്തുക എന്നിവയും ക്യാംപെയ്ൻ വഴി നടപ്പാക്കി വരുന്നു.

ദേശീയ നഗര ഉപജീവന മിഷന്റെ കീഴിലുള്ള അറുപത് സിറ്റി മിഷൻ മാനേജർമാർ, എഴുപത് സിറ്റി ടെക്നിക്കൽ സെൽ മാനേജർമാർ, 93 മൾട്ടി ടാസ്ക് പേഴ്സൺസ്, നൂറോളം കമ്യൂണിറ്റി ഓർഗനൈസർമാർ, കൂടാതെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർ, നഗരസഭാ സെക്രട്ടറിമാർ,പ്രോജക്ട് ഓഫീസർമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ എന്നിവരുടെ നേതൃത്വത്തിലാണ് കാമ്പെയ്ൻ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്.

സ്പർശം ക്യാമ്പെയ്ന്റെ ഭാഗമായി ഇതിനകം 93 നഗരസഭകളിലെ 46000 ൽ പരം അയൽക്കൂട്ടങ്ങളിലും അയൽക്കൂട്ടയോഗങ്ങൾ നടന്നു വരികയാണ്. കൂടാതെ നഗരസഭാപ്രദേശങ്ങളിലെ എ.ഡി.എസുകളിൽ തദ്ദേശ സ്ഥാപന അധികൃതരുടെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ സംഘടിപ്പിക്കുകയും കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളെ കുറിച്ചുള്ള വിശദീകരണവും അവയുടെ ആനുകൂല്യം ഇനിയും ലഭിക്കാത്തവരെ സംബന്ധിച്ചുള്ള വിവരശേഖരണവും നടന്നു വരികയാണ്. ഇപ്രകാരം ജില്ലകളിൽ

നിന്നു ലഭിക്കുന്ന സ്ഥിതി വിവര കണക്കുകൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ചു വരുന്നു. മാർച്ച് 20ന് മുമ്പായി ഇതു സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ കണ്ടെത്തി അവരെയും അയൽക്കൂട്ടങ്ങളിലേക്ക് ഉൾപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

നഗരദാരിദ്ര്യ നിർമാജനത്തിനായി ദേശീയ നഗര ഉപജീവന മിഷൻ, നഗരങ്ങളിലെ ഭവനരഹിതർക്ക് സുരക്ഷിതമായ പാർപ്പിടങ്ങൾ ലഭ്യമാക്കുന്നതിനായുള്ള പ്രധാന മന്ത്രി ആവാസ് യോജന-(നഗരം) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ കുടുംബശ്രീ വഴിയാണ് നടപ്പാക്കി വരുന്നത്. ഈ പദ്ധതികളുടെ ഗുണഫലങ്ങൾ നഗരപ്രദേശങ്ങളിലെ അർഹരായ മുഴുവൻ പേർക്കും എത്തിക്കുക എന്നതും കാമ്പെയ്ൻ വഴി ലക്ഷ്യമിടുന്ന പ്രധാനപ്പെട്ട കാര്യമാണ്. നഗര അയൽക്കൂട്ടങ്ങളിൽ ഇപ്പോൾ 7,38,704 കുടുംബങ്ങളുണ്ട്. എങ്കിലും ഏകദേശം ഒരു ലക്ഷം നഗരദരിദ്രർ ഇപ്പോഴും അയൽക്കൂട്ട പരിധിയിൽ നിന്നും പുറത്താണ്. ഇങ്ങനെയുള്ളവരെ മുഴുവൻ അയൽക്കൂട്ടങ്ങളിലേക്ക് എത്തിക്കുന്നതിനാണ് കാമ്പെയ്ൻ സംഘടിപ്പിക്കുന്നത്.

അർഹതയുണ്ടായിട്ടും ഗുണഭോക്തൃപട്ടികയിൽ ഇടം ലഭിക്കാത്തവരുണ്ടെങ്കിൽ അവരെയും ഭവന പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹത നേടാൻ സഹായിക്കും. ക്യാമ്പെയ്ൻ പൂർത്തിയാകുന്നതോടെ നഗരസഭാ പ്രദേശങ്ങളിൽ കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടാത്ത മുഴുവൻ പേരെയും കണ്ടെത്തി ഇതിൽ ഉൾച്ചേർക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ